(സി) കൊല്ലപ്പെട്ട ഒമ്പതുപേരുടെ ആശ്രിതർക്ക് 10 ലക്ഷം (പത്ത് ലക്ഷം) രൂപാ വീതം നഷ്ടപരിഹാരം നൽകി. അക്രമത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന എട്ടു പേർക്ക് 5 ലക്ഷം രൂപാ വീതവും, പരിക്കേറ്റ മറ്റ് ഒമ്പതുപേർക്ക് 3 ലക്ഷം രൂപാ വീതവും നഷ്ടപരിഹാരം നൽകി. വീട്, തൊഴിലു പകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നാശനഷ്ടം തിട്ടപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന 1,51,96,500 (ഒരു കോടി അമ്പത്തിയൊന്നുലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി അഞ്ഞൂറു രൂപ)-യുടെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) മാറാട് പ്രശ്നം പരിഹരിക്കാൻ നടത്തിയ ഒത്തു തീർപ്പു വ്യവസ്ഥയ നുസരിച്ച് മാറാട് സംഭവങ്ങളുടെ പേരിൽ നടന്ന സമരത്തിന്റെ ഭാഗമായി സംസ്ഥാന ത്തൊട്ടാകെ ചാർജ്ജുചെയ്ത കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്. കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് രണ്ടു അപേക്ഷകളാണ് സർക്കാരിനു ലഭിച്ചിട്ടുള്ളത്. ഇതിൽ നാലു കേസുകൾ സി. ആർ. പി. സി. 321-നു വിധേയമായും ബഹുമാനപ്പെട്ട കോടതിയുടെ അനുമതിയോടും പിൻവലിക്കുന്നതിന് വിരോധമില്ലെന്ന് കാണിച്ച് ബന്ധപ്പെട്ട കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് നടന്ന ആർ. എസ്. എസ്. സംഘട്ടനങ്ങൾ

60 [61] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര ആർ. എസ്. എസ്. സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ആർ. എസ്. എസ്. സംഘട്ടനത്തിന്റെ ഫലമായി എത്ര പേർ ഈ കാലയളവിൽ മരണമടഞ്ഞിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റ പത്രം സമർപ്പിച്ചിട്ടുണ്ട്;

(ഇ) ആർ. എസ്. എസ്. സംഘട്ടനത്തിൽ മരണമടഞ്ഞവരുടെ കക്ഷി ബന്ധം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി, സി, ഡി, & ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly